**SADASYATILAKA T. K. VELU PILLAI**: Marriage, everybody knows, according to the Koran is only a civil contract. And it has been said 'the pillars of marriage, as of other contract, are ijab-o-kabul, or declaration and acceptance'. I am quoting from Fatawa Alamgiri. Therefore, when marriage is a civil contract, according to the Koran and according to the doctors who have tried to interpret the Koran, to say that if this Bill is introduced, the Mohammadan religion would be in trouble, is not correct. The social habits all over the world are undergoing change. If, for the supply of some articles, they can enter into a civil contract with anybody, I do not see any reason, because marriage is a civil contract, why in some mattars the Legislature cannot interfere. That is the only position which I desire to develop. Therefore because it is only a permissive legislation, there cannot be any objection to it. Even a rather conservative person like myself fell inclined to accept the position now being taken by this Bill. Therefore, Sir, I would advise Mr. P. S. Mohamed, in whom I have got great respect, to have truth, justice and principles of legislation. I would tell him, with your premission, that nothing but a great regard and love and respect for that community enables me to say this. But the position is a sound one. We shall not trudge upon the Muslim faith and practice. But we should respect the rights of an individual. The worst insult to a man is to be called a bastard and even bastards themselves dislike to be called bastards. In the interests of religious and social progress, I would entreat Mr. P. S. Mohamed to withdraw his motion.

**MR. M. SIVATHANU PILLAI**: One thing. May I know whether the honourable member has got to say anything with regard to the general opinion of the Mohammadan community?

**SADASYATILAKA T. K. VELU PILLAI**: That Sir, is a matter on which I cannot make any authoritative opinion.

**MR. KANNANTHODATH JANARDANAN NAIR**: The opposition to the Bill has developed on unfortunate unexpected lines. It is stated that the majority communities are making inroads upon the liberties, rights and privileges of the minority communites, or rather, will try to make inroads, if the Bill is accepted. We, who have the good fortune or misfortune to belong to the majority communities, have always realized and will always realize that social, economic, religious and all of our society progress at present and in future lie upon the betterment of the minority communities the opportunities we are able to afford them to achieve the end. It is with these aspects in view, that I try to examine the argu ments put forward by my honourable friend, Mr. P. S. Mohamed After all, what is the intention of this Bill? It has been explained in this house before, by the honourable Mr. Jebamony Nadar that this is only a piece of permissive legislation and not a compulsory one. Now, Sir, marriage is performed not only for purposes spiritual

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kannanthodath Janardanan Nair.]

out mostly for society. For, the direct results of a marriage are offsprings who form the future society and nation; as such the present regenerating society has its duties to see that they develop in a manner fitted to form part of a healthy society. That is the importance of a marriage and the eventual succession. As such, and as according to the Mohammadan law itself, it is a civil contract, with no sacrament as in the case of other religions. I think, along with Mr. Jebamony Nadar, that it is a necessity that the society and on behalf of it the State should have some say in the matter, that the State should exercise its privilege of legislation for the betterment of society.

Again, Mr. P. S. Mohamed was opposing the bill in the name of Islam, in the name of his religion. Sir, as far as I have known Islam, it has always been for progress and always its glorious perceptions and traditions has stood in good stead to spread it in wider circles. It is significant to note that when other religions were not prepared Islam was the one religion which was ever prepared to follow roads of progress and join hand-in-hand with other nations along that course. Therefore, Sir, that religion, which has always stood for progress, should not be brought in and discussed in obstructing the passage of this bill and I feel Mr. P. S. Mohamed was really taking an unfortunate turn, he was really dragging in the trivial aspects of his glorious religion to bear upon the discussion to hamper the progress of the bill ignoring its noble aspects and perceptions. Turkey has not lost its religion because it adopted methods of progress. Egypt did not lose its Islamic qualities because it followed the road to progress, Persia is still Islamic though it progressed ever further. Unfortunately, it is not the glorious traditions of that religion that are taken into consideration for purposes of this bill, but it is the trivial aspects of that religion—so trivial that even his co-religionists in the House could not subscribe to his views—which are being brought to bear on the discussions for a social legislation of this kind which is intended for inter-communal union eventually helping to develop national unity.

From another point of view, from the point of view of morality, I feel I cannot agree with Mr. P. S. Mohamed. May I ask the honourable member whether the marriage as accepted by law is not morality, is concubinage morality or marriage morality. I know that Islam will always uphold the acceptance of this legalisation of this union—the present concubinage as marriage and acceptance of that in that manner by society, will be accepted as morality. Now, as the time at my disposal is too short, I may just point out one another aspect—the place of women in Islam. Women always are accepted as queens of households in the Islam society. Why not then allow that status to other women who have the good fortunes to become the wives of Islams. Islam has always stood for brotherhood and equal treatment of human beings. As such, when a Muslim wants to go out of his community and marry from another community, it is in the high and glorious traditions of Islam that that woman also should receive all the considerations that any other member belonging to that religion receives. That is what is intended by this permissive piece of legislation. I oppose the amendment.

LIBRARY ARCHIVES Kerala Legislative Assembly

**PRESIDENT :** I hope honourable members will be brief in their remarks.

**MR. K. KUNJU PANICKAR :** സർ, മി. പി. എസ്. മഹമ്മദ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തിൽ മഹമ്മദീയസമുദായത്തെ മാത്രം ഈ നിയമത്തിൽനിന്നും ഒഴിവാക്കണമെന്നാണു പറയുന്നതു്. എന്നാൽ നമ്മുടെ അടുത്ത സ്റ്റേറായ കൊച്ചിയിൽ മഹമ്മദീയ പ്രതിനിധികൾകൂടി പ്രതിനിധീകരിച്ചാണു് ഈ നിയമത്തിൽ മഹമ്മദീയരെകൂടി ഉൾപ്പെടുത്തണമെന്നു തീരുമാനിച്ചതു്. ഇപ്രകാരം സമീപസ്ഥരായ മഹമ്മദീയർ അവരുടെ സമുദായത്തെകൂടി ഉൾപ്പെടുത്തി സ്പെഷ്യൽ മാര്യേജ് ആക്ടിൽ ചേരാൻ തയ്യാറായ അവസരത്തിൽ തിരുവിതാംകൂറിലെ മഹമ്മദീയർ മാത്രം പുറകോട്ടു വലിഞ്ഞുനിൽക്കണമെന്നു പറയുന്നതു് ശരിയല്ല. പരിഷ്കൃതരീതികളിൽ പോകുന്ന എല്ലാ പ്രവാഹത്തിലും മുന്നണിയിൽ നിൽക്കുക എന്നതാണു് തിരുവിതാംകൂറുകാരായ ഏവരുടേയും കടമ. ഇവിടത്തെ മഹമ്മദീയരെമാത്രം ആക്ടിൽ നിന്നും ഒഴിവാക്കണമെന്നു പറയുന്നതിനുള്ള പ്രധാന കാരണം മഹമ്മദീയർക്കു മൂന്നോ നാലോ വിവാഹം കഴിക്കാൻ അവരുടെ മഹമ്മദൻനിയമം സമ്മതിക്കുന്നതിനെ ഈ ബിൽ അനുവദിക്കുന്നില്ലെന്നുള്ളതാണു്. മറ്റു സമുദായങ്ങളിൽപ്പെട്ട സ്ത്രീ പുരുഷന്മാരുമായി ബന്ധത്തിൽ കഴിയുകയും വേണം; എന്നാൽ അങ്ങിനെയുള്ള ബന്ധം മാന്യമായ വിവാഹമായി തീർക്കാൻ പാടില്ല എന്നുള്ള മനഃസ്ഥിതിയിലാണു് മി. പി. എസ്. മഹമ്മദു പ്രതിനിധീകരിക്കുന്ന സമുദായവിഭാഗം സ്ഥിതിചെയ്യുന്നതു്. ഈ സമുദായത്തിൽപ്പെട്ട ഭൂരിപക്ഷം ആളുകളും ഇപ്പോൾ അവിവാഹിത സ്ത്രീ പുരുഷബന്ധത്തിൽ അന്യരുമായി ബന്ധത്തിൽ ഏർപ്പെടുകയെന്നുള്ളതു് ഒരു സാധാരണനടപടിയായിത്തീർന്നിട്ടുണ്ടു് എന്നുള്ളതു് ഒരു വസ്തുതയാണു്. എന്നു മാത്രമല്ല മഹമ്മദീയർ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സമുദായമാകയാൽ അവർക്കു മറ്റു സമുദായക്കാരുമായി ബന്ധമുണ്ടാകുന്നതിലേയ്ക്കു കൂടുതൽ സൗകര്യം ലഭിക്കുന്നുമുണ്ടു്. നാട്ടിന്റെ നാനാഭാഗങ്ങളിലും ഈ മാതിരി സംസർഗ്ഗം ഇന്നു നിലകൊള്ളുകയാണു്. അതിനാൽ അങ്ങിനെയുള്ള മഹമ്മദീയരെ ഈ ബില്ലിൽ നിന്നും ഒഴിവാക്കണമെന്നു, അദ്ദേഹം പക്ഷിക്കുന്നതു സദാചാരവിരുദ്ധമായ ഒരു കാര്യം സാധിക്കാനുള്ള ഒരപേക്ഷയാണെന്നുകൂടി ഞാൻ അറിയിച്ചുകൊള്ളുന്നു.

**MR. M. SIVATANU PILLAI :** ഈ നടപടി സാധൂകരിക്കുന്നതിനേക്കാൾ അതിനെ തടസ്സപ്പെടുത്തുന്നതല്ലേ നല്ലതു്.



LIBRARY ARCHIVES Kerala Legislative Assembly

MR. K. KUNJU PANICKAR : ഒന്നോ, രണ്ടോ പേരെയാണെങ്കിൽ അതിനു സാധിക്കും. അല്ലാതെ, മഹമ്മദീയ ജനസാമാന്യം ഒട്ടാകെ കൈക്കൊണ്ടിരിക്കുന്ന ഒരു നടപടിയെ തടസ്സപ്പെടുത്തുകയെന്നുള്ളതു് സുസാദ്ധ്യമല്ല. ഞാൻ പറയുന്നതു ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്ന മഹമ്മദീയസമുദായത്തെ പ്രതിനിധീകരിക്കുന്ന .മി. പി. എസ്. മഹമ്മദു വിചാരിച്ചാൽതന്നെയും ഈ മാതിരി ബന്ധങ്ങളെ തടയാൻ കഴികയില്ലെന്നാണ്. എന്റെ ബഹുമാന്യസ്നേഹിതനായ മി. മക്കാർപിള്ള പറയുന്നതു് താത്വീകമായിട്ടും, സദാചാരപരമായിട്ടും ഈ ബിൽ മഹമ്മദ്മതത്തിനു വിരോധമല്ലെന്നാണ്. എന്റെ സ്നേഹിതൻ മി. പി. എസ്. മഹമ്മദു പറയുന്നു, ബ്രിട്ടീഷ് ഇൻഡ്യയിൽ മഹമ്മദീയരെ ഈ നിയമത്തിൽനിന്നും ഒഴിവാക്കിയിരിക്കുന്നുവെന്നു. എന്നാൽ ഇപ്പോൾ അവിടെയുള്ള മഹമ്മദീയരിൽ ചിലർ രാജ്യഭരണത്തിനുപോലും പാകിസ്ഥാൻ വേണമെന്നും മറ്റും ചോദിച്ചുതുടങ്ങിയിരിക്കുകയാണ്. നേരേ മറിച്ചു് ഈ നിയമം നടപ്പിൽവന്നാൽ അതു നിമിത്തം പരസ്പരബന്ധത്തിനു ഇടവരികയും, ഇപ്പോൾ ഉള്ള ജാതിവഴക്കുകളും എല്ലാം മാറി നമുക്കെല്ലാപേർക്കും സഹോദരന്മാരായി, ഒരേ ക്ലാസ്സുകളിലോടുകൂടി കഴിയുന്നതിനു സൗകര്യം ലഭിക്കുകയും ചെയ്യുമെന്നുള്ളതിനാൽ മി. പി. എസ്. മഹമ്മദുതന്നെ ഈ പ്രമേയത്തെ പിൻവലിക്കണമെന്നു അപേക്ഷിക്കുന്നു.

(The House adjourned for lunch, and re-assembled at 3 P. M.)

MR. DOMINIC JOSEPH: Sir, I oppose the amendment on one or two personal grounds. It is well known that certain communities other than the Muslims are opposed to this Bill. The grounds of their divergence may be well founded or ill-founded and I do not want to enter into that now. Due adverlence has been made in the President's statement to this House about the opposition from other communities. What I maintain is that, if exclusion is made, it must be, a total exclusion of all communities who are opposed to this Bill. There must not be a piecemeal exclusion. If Mr. Mahomed's amendment is carried, that will mean exclusion of the Muslim community. That will be interpreted as some sort of partiality or invidious distinctions by other communities who are equally opposed to this measure. I do not welcome such a prospect.

Secondly, if Mr. Mahomed's amendment is carried, that will be a tribute to his pertinacity and industry and indirectly, it will be a reflection upon members who belong to other communities similarly opposed to this measure. Now, the other communities who oppose this Bill will naturally and rightly say that if our representatives had been equally pertinacious, equally vigilant, there would have been a different situation. Therefore, I do not naturally welcome such a prospect also. On these personal grounds I oppose the amendment.

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. KUMARAN VAIDYAN (*Kunnatnad* cum *Parur*) സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അതായത് ഒരു നിയമമുണ്ടാക്കുന്നസമയത്തു ഒരു സമുദായത്തെ അതിൽനിന്നും ഒഴിവാക്കണം എന്നു പറയുമ്പോൾ മറ്റു പല സമുദായങ്ങൾക്കും ഇതെ അഭിപ്രായംതന്നെ ഉണ്ടായി എന്നുവരാം. മാത്രമല്ല എനിക്കു പ്രധാനമായി പറയുവാനുള്ളത് ഈ ബില്ലിൽ നിന്നു മുസ്ലിം സമുദായത്തെ ഒഴിവാക്കുകയാണെങ്കിൽ ഞാൻ ഉൾപ്പെട്ട സമുദായത്തിൽനിന്നും സ്ത്രീകളെ മഹമ്മദീയർ വിവാഹംചെയ്യാൻ പാടില്ലെന്നാണു ഞാൻ വാദിക്കുന്നതു്. ഇതു ഒരു നിയമമായി വന്നാൽ യാതൊരു സമുദായത്തിനും യാതൊരാക്ഷേപവും ഉണ്ടാകയില്ല. അതായതു് സാധാരണയായ ഒരുവൻ ഒരു അന്യജാതി സ്ത്രീയെ രജിസ്റ്റർവിവാഹം ചെയ്തോ അല്ലാതേയൊ ഭാര്യയാക്കി വച്ചുകൊണ്ടിരുന്ന ശേഷം കുട്ടികളും ഉണ്ടായതിന്റെ ശേഷം ആ സ്ത്രീയെ ഉപേക്ഷിക്കയും ചെയ്തശേഷം സ്വത്തിനു അവകാശം കൊടുക്കുകയില്ലെന്നു പറയുന്നതു് സാഹസമല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. മുസ്ലിം സമുദായത്തിൽപ്പെട്ടവർക്കുതന്നെ ഈ ഭേദഗതിയോടു് അനുകൂല്യമല്ല ഉള്ളതെന്നാണു എന്റെ അനുഭവത്തിൽ അറിയുന്നതു്. അതായതു് ഉത്തരതിരുവിതാംകൂറിലെ ഒരു പ്രമുഖമുസ്ലിം മെമ്പറായ മി. മക്കർ പിള്ള ഈ ഭേദഗതിയെ എതിർക്കുന്നതിൽനിന്നു് അദ്ദേഹമുൾപ്പെട്ട സമുദായത്തിന്റെ അഭിപ്രായം എന്താണെന്നു നമുക്കു് മനസ്സിലാക്കാം. മുസ്ലിം സമുദായത്തിൽപ്പെട്ട ഒരു പുരുഷൻ അന്യസമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെ വിവാഹം ചെയ്യുകയാണെങ്കിൽ അയാളെ ആ സമുദായത്തിൽ നിന്നും ബഹിഷ്ക്കരിക്കുമെന്നാണു് കൂറാൻ പറയുന്നതു് എന്നാണു് എന്റെ സ്നേഹിതൻ മി. പി. എസ്സ്. മഹമ്മദ് പലതവണ ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതു്. മുസ്ലീം സമുദായത്തിന്റെ അനിഷേദ്ധ്യനേതാവായ മി. ജിന്നായേയൊ അല്ലെങ്കിൽ തിരുവിതാംകൂറിലെ ഇഞ്ചിനീയറിങ്ങു ഡിപ്പാർട്ടുമെന്റിൽ ജോലിനോക്കി പെൻഷൻപറ്റിയ മി. ബേക്കറേയോ മദ്രാസ് പ്രസിഡൻസിയിൽ ഡി. എസ്സ്. പി. ആയിരിക്കുന്ന മി. ഫക്രുനിനേയൊ അന്യസമുദായവുമായിവിവാഹബന്ധത്തിൽ ഏർപ്പെട്ടു എന്ന കാരണത്താൽ സമുദായത്തിൽനിന്നും ഒഴിവാക്കിയിട്ടില്ലെന്നുള്ളവിവരം എന്റെ സ്നേഹിതനും അറിവുള്ള സംഗതിയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നും മി. ബേക്കറിന്റെയും മറ്റും ഭാര്യമാർ ക്രിസ്തുമതത്തിലും ഹിന്ദുമതത്തിലുമാറും നിൽക്കുയാണു. ഈവക കാരണങ്ങളാൽ ഈ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുകതന്നെ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidyan]

എനിക്കു പറയാനുള്ളതെന്തെന്നാൽ മതത്തിന്റെപേരിൽ ആരുടേയും സ്വന്താവകാശം ബലികഴിക്കാൻ പാടില്ലെന്നാണ്. അതായതു വ്യക്തികളുടെ ഇംഗിതസാധ്യത്തിനു വേണ്ടി മതത്തെ വലിച്ചുകൊണ്ടുവരികയും ചെയ്യുന്നതാണ് ഈ കാണുന്നതു് എന്നാണ് എനിക്കു പറയാനുള്ളതു്. സമുദായനന്മയ്ക്ക് മതം ഒരിക്കലും പ്രതിബന്ധമായി നില്ക്കരുതെന്നാണ് ഞാൻ വാദിക്കുന്നതു്. മാത്രമല്ല, തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഉല്യം ചാത്തിയതിനാൽ ഇന്നു ഹിന്ദുക്കളും മുസ്ലിങ്ങളും ക്രസ്ത്യാനികളും ഇതരസമുദായക്കാരും ഒരുപോലെയായിത്തീർന്നുവെന്നും മി. മഹമ്മദ് പറയുന്ന ബ്രിട്ടീഷ് ഇൻഡ്യയിൽത്തന്നെയും ഹിന്ദുക്കളുംമുസ്ലിങ്ങളും തമ്മിൽ പലയിടങ്ങളിലും യോജിച്ചു പ്രവർത്തിക്കുന്നു എന്നു പറയുന്നു. അതു് അവരുടെ രാഷ്ട്രീയശക്തി ഉറപ്പിക്കാനല്ലാതെ ഹിന്ദുക്കളെ സഹായിക്കാനല്ല എന്നാണു എന്റെ അഭിപ്രായം. തിരുവിതാംകൂറിൽ ഈ ബില്ലിന്റെ ആവശ്യം ഇല്ലെന്നു പറയുന്നതിന്റെ അർത്ഥം എന്തെന്നു മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ല. നാം എല്ലാമതക്കാരും യോജിച്ചു പ്രവർത്തിക്കുന്നപക്ഷം സ്വന്തത്തിനുള്ള അവകാശവും അഭിവൃദ്ധിയും എല്ലാ സമുദായങ്ങൾക്കും ഒരുപോലെ ഉണ്ടാവുകയും ചെയ്യും. ഈ മാതിരി കാര്യങ്ങളിലെങ്കിലും സമുദായവിദ്വേഷം ഒരിക്കലും ഉണ്ടായിരിക്കാൻ പാടുള്ളതല്ല. ഒരു സമുദായത്തിൽപ്പെട്ട ഒരു പുരുഷൻ മറ്റൊരു സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെ വിവാഹം ചെയ്തു ഉണ്ടാകുന്ന കുട്ടികൾക്ക് അവരുടെ പിതാവിന്റേയോ മാതാവിന്റേയോ സ്വന്താവകാശം തീർച്ചയായും നൽകുകതന്നെവേണം. ഈ ഭേദഗതി പാസ്സായാൽ ഞാൻ ഉൾപ്പെട്ട സമുദായത്തിൽ മുഹമ്മദീയ സമുദായത്തിന്റെ ഒരു കൈകടത്തൽ വരാമെന്നാണ് ഞാൻ വിചാരിക്കുന്നതു്. മി. മഹമ്മദ് ഇവിടെ പറയുന്നു. കോട്ടുമാറുന്നതുപോലെ ചിലർ മതം മാറുന്നു എന്നു്. എന്നാൽ അഴുക്കു കഴുകികളയുന്നതുപോലെ ഭാര്യയെ മാറുവാൻ ഇസ്ലാംമതം സമ്മതിക്കുന്നു. എന്നാൽ ഞാൻ ഉൾപ്പെട്ട ഹിന്ദുസമുദായം അതിനെ എതിർക്കയാണ് ചെയ്യുന്നതു്. അതുകൊണ്ടു് ഗവണ്മെന്റു് ഈ കാര്യത്തിൽ വേണ്ട പരിഹാരം ചെയ്തു് ഈ ബിൽ ഉടനെ നിയമമാക്കിത്തരേണമെന്നു് അപേക്ഷിച്ചുകൊണ്ടു ഞാൻ മി. മഹമ്മദിന്റെ ഭേദഗതിയെ എന്റെ സമുദായത്തിന്റെ പേരിൽ ശക്തിയായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : സർ, ബഹുമാനപ്പെട്ട സ്നേഹിതൻ മി: പി. എസ്. മഹമ്മദ് ഇവിടെ അവതരിപ്പിച്ച ഭേദഗതി സംബന്ധിച്ച് അതർഹിക്കുന്ന ബഹുമാനത്തോടുകൂടി സഹോദരസമുദായത്തിലെ ഒരു വ്യക്തി എന്ന നിലയിൽ ഞാൻ പല പ്രാവശ്യം ആലോചിച്ചതിൽ എന്റെ മാന്യസ്നേഹിതന്റെ —അദ്ദേഹത്തോട്ടംഅദ്ദേഹമുൾപ്പെട്ട സമുദായത്തോടും അത്യധികം ബഹുമാനം ഉണ്ടെങ്കിലും അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിക്കാൻ നിവൃത്തിയില്ലാത്തതിൽ അത്യധികം ഖേദിക്കുന്നു. മതപരമായ സംഗതികളിൽ അദ്ദേഹത്തിനു ചില നിർബന്ധങ്ങളുണ്ടെങ്കിലും പൊതുജനാഭിപ്രായവും പിൻതുണയും ഇദ്ദേഹത്തിനു ഇക്കാര്യത്തിലുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. പൊതുജനങ്ങളുടെ പിൻതുണ അദ്ദേഹത്തിനു ഇക്കാര്യത്തിലില്ലെന്നു അതേ സമുദായത്തിൽപ്പെട്ട മി. മക്കാർപിള്ള വളരെ ഭംഗിയായും അടുക്കായും ഉള്ള ഒരു മറുപടി നൽകിയതിൽനിന്നു നമുക്ക് മനസ്സിലാക്കാം. പിന്നീട് ഇതേസംബന്ധിച്ച് ഞാൻ അധികമൊന്നും സംസാരിക്കേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഒരു കാര്യം പറയാതിരിക്കാനും നിർവാഹമില്ല. പൊതുക്കാര്യങ്ങളിൽ മതചിന്ത മുറുകെ പിടിക്കുവാൻ പാടില്ല. കേവലം ഒന്നോ രണ്ടോ വ്യക്തികൾ മാത്രം പ്രതികൂലമായി നിൽക്കുന്നതുകൊണ്ട് ഒരു നിയമം നടപ്പിലാക്കാൻ പാടില്ലെന്നു ശഠിക്കുന്നതു പരിതാപകരമാണ്. എന്റെ അറിവു മഹമ്മദുമതത്തെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമാണ്. സർവ മതങ്ങളും ഒന്നാണെന്നും ജാതിമതചിന്ത വച്ചുകൊണ്ടിരിക്കുന്നതു പാപകരമാണെന്നും—അതുതന്നെയാണ് ഇസ്ലാംമതസ്ഥാപകനും സർവജനാരാധ്യനും ആയ മഹമ്മദ് നബി ഉപദേശിച്ചിട്ടുള്ളതു. അപ്രകാരം സഹോദരത്വം അസന്നിശ്ചമായി ഉപദേശിച്ച ആ ലോകാചാര്യന്റെ വിശുദ്ധനാമധേയംതന്നെ വഹിക്കുന്ന സ്നേഹിതൻ മി. പി. എസ്. മഹമ്മദ്, ഒരു മഹമ്മദീയസഹോദരൻ ഒരീഴവസഹോദരിയെ വിവാഹം ചെയ്തശേഷം അതിൽ ഉണ്ടാകുന്ന സന്താനങ്ങൾക്ക് സ്വത്തവകാശം നൽകിയില്ലെന്നു വാദിക്കുകയാണെങ്കിൽ അതിന്റെ അർത്ഥം മനസ്സിലാക്കുവാൻ വിഷമമായിരിക്കുന്നു. ഒരു മഹമ്മദീയൻ ഒരീഴവസ്ത്രീയെ വിവാഹം ചെയ്താൽ, ഒരു മഹമ്മദീയൻ ഒരു നായർസ്ത്രീയെ വിവാഹം ചെയ്താൽ, ഒരു പുലയസ്ത്രീയെ വിവാഹം ചെയ്താൽ, —അവർക്കു കുട്ടികൾ ഉളവായാൽ അഗതികളാക്കി പുറംതള്ളണമെന്നു പറയുന്നതു ഇസ്ലാംമതതത്വത്തിനും ധർമ്മത്തിനും യോജിച്ചതാണോ എന്നു മതത്തിന്റെ ശീതളച്ഛായയിൽ നിന്നുകൊണ്ട് ഞാൻ ചോദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

അടുത്തതായിട്ടുള്ളതു പൊതുജനാഭിപ്രായമാണ്. ഈ ആധുനികകാലത്തു മറ്റു സംഗതിയിലും പൊതുജനാഭിപ്രായത്തെ വിഗണിക്കാവുന്നതല്ല. മദ്രാസ്, ബാംബേ, ബറോഡാ മുതലായ സ്ഥലങ്ങളിലെല്ലാം ഈ ബിൽ പാസാക്കിക്കഴിഞ്ഞിട്ടും തിരുവിതാംകൂറിൽ മാത്രം മുസ്ലീം സമുദായത്തെ ഒഴിവാക്കണമെന്നു പറയുന്നതു് ഏതടിസ്ഥാനത്തിന്മേലാണെന്ന് അവധാനപൂർവം എന്റെ മാന്യസ്നേഹിതൻ ചിന്തിക്കണമെന്നു സഹോദരബുദ്ധ്യാ ഞാൻ അപേക്ഷിക്കുന്നു. ഒരുപക്ഷേ ഈ ബില്ലിനെ അനുകൂലിക്കാൻ തിരുവിതാംകൂറിൽ ധാരാളം മുസ്ലീങ്ങൾ ഉണ്ടായെന്നുവരാം. തിരുവിതാംകൂറിലെ മുസ്ലീങ്ങൾ—സ്ത്രീകളും പുരുഷന്മാരും വിദ്യാഭ്യാസത്തിലും മതപരമായ കാര്യങ്ങളിലും മനഃപരിഷ്ക്കാരത്തിലും ഉൽക്കർഷം പ്രാപിച്ചിട്ടുള്ളവരാണു്. പുരുഷന്മാരോടൊപ്പമുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കും നൽകിയേ മതിയാവൂ എന്നുള്ളതും അവിതർക്കിതമായ ഒരു സംഗതിയാണു്. ഏതായാലും കൊച്ചിയിൽ ഈ ബിൽ പാസാക്കിയ സ്ഥിതിക്കു് തിരുവിതാംകൂർ മുസ്ലീങ്ങൾക്കു് എന്തുകൊണ്ടു നടപ്പിലാക്കിക്കൂടാ എന്നാണു് എന്റെ ചോദ്യം. കൊച്ചിയും തിരുവിതാംകൂറും തമ്മിൽ ഒരു കൊതിക്കല്ലിന്റെ വ്യത്യാസം മാത്രമേയുള്ളൂ. മതപരമായും സാമുദായികമായും സംസ്കാരപരമായും കൊച്ചിയും തിരുവിതാംകൂറും തമ്മിൽ വലിയ വ്യത്യാസം ഒന്നും ഞാൻ കാണുന്നില്ല. കൊച്ചിയിൽ ഈ നിയമം പാസായിട്ടു കൊല്ലങ്ങൾ പലതു കഴിഞ്ഞു. മാത്രമല്ല, അവിടത്തെ നിയമസഭാസാമാജികന്മാരിൽപ്പെട്ട മുസ്ലീം മെമ്പറന്മാർ ഇതിനെ മുക്തകണ്ഠം ശ്ലാഘിച്ചു് പാസാക്കുകയുമാണു് ചെയ്തതു്. ഇവിടത്തെ കാര്യം നേരേ മറിച്ചാണു്. ലീഗൽ റിമംബ്രൻസർ, മി. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള സഭയിൽ ഈ ബിൽ അവതരിപ്പിച്ചപ്പോൾ അതിനെ ഹാർദ്ദവമായി സ്വാഗതം ചെയ്യേണ്ട മി. മഹമ്മദാണു് ഇന്നു അതിനുവേണ്ടി വാദകോലാഹലങ്ങൾ ഉണ്ടാക്കുന്നതു്. തിരുവിതാംകൂറിൽ ഈ ബില്ലിനെ എതിർക്കുന്നതിനു നിയമസഭാമെമ്പറായ മി. മഹമ്മദല്ലാതെ പുറത്താരും കാണുകയില്ലെന്നാണു് എന്റെ വിനീതമായ വിശ്വാസം. മി. മക്കാർപിള്ളതന്നെ ഈ ബില്ലിനെ അനുകൂലിച്ചതു് മുസ്ലീങ്ങളിൽ നൂറിനു നൂറുപേരും അനുകൂലിക്കുമെന്നുള്ളതുകൊണ്ടു മാത്രമാണു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു് ഇതിനു ഒരു ചരിത്രം ഉണ്ടെന്നുള്ളതാണു്. ഇൻഡ്യയിൽ ഈ നിയമങ്ങൾ ഒന്നും പുത്തരിയല്ല. മുസ്ലീങ്ങളും ഉണ്ടായിട്ടുള്ളതായി ചരിത്രം നമ്മെ മനസ്സിലാക്കുന്നു. മുസ്ലീമിന്റെയും ഹിന്ദുവിന്റെയും സിരകളിൽ സഞ്ചരിക്കുന്ന രക്തം ഒന്നുതന്നെയാണെന്നു സൂക്ഷ്മമായി പരിശോധിച്ചാൽ ബോദ്ധ്യമാകുന്നു

LIBRARY ARCHIVES Kerala Legislative Assembly

താണ് ഇതിനു എത്ര ഉദാഹരണം വേണമെങ്കിലും ചരിത്രത്തിൽ കാണാം. ഇൻഡ്യാചരിത്രം നോക്കുന്നപക്ഷം ഇൻഡ്യയിലെ മതങ്ങളെല്ലാം സാമ്പാർജാതിയിൽ നില്കൊള്ളുന്നതായി മനസ്സിലാകുന്നതാണു. ഒരുകാര്യംകൂടി എന്റെ ബഹുമാനപ്പെട്ട സ്നേഹിതനോട് ചോദിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇൻഡ്യാചക്രവർത്തിയായിരുന്ന അക്ബർ ഹൈന്ദവസ്ത്രീകളെ വിവാഹംചെയ്യാൻ ആഗ്രഹിച്ചു പ്രചരണം നടത്തി, വിവാഹബന്ധത്തിലേർപ്പെടുകയുംചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമിയായ ജഹാൻഗീർചക്രവർത്തിതന്നെ ഒരു ഹിന്ദുസ്ത്രീയിൽ ഉണ്ടായ പുത്രനല്ലേ എന്നു ഞാൻ എന്റെ മാന്യസ്നേഹിതനോടു ചോദിക്കുന്നു. അതുപോലെതന്നെ മി: ജിന്ന ആരാണ്? അദ്ദേഹത്തിന്റെ മകളുടെ വിവാഹത്തെസംബന്ധിച്ച് ഞാൻതന്നെ ഈ സഭയിൽ മുൻപു ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഉദാഹരണം പറയാൻതുടങ്ങിയാൽ അവസാനം കാണുകയില്ല. അനേകം മുസ്ലീങ്ങൾ പല സമുദായത്തിൽനിന്നും പരസ്യമായി കല്യാണംകഴിച്ച് ജീവിക്കുന്നതായി എനിക്കറിയാം. പക്ഷെ നിയമമില്ലാത്തതുകൊണ്ടു രഹസ്യമായി കല്യാണംകഴിച്ച് വളരെ സുഖമായി ദാമ്പത്യജീവിതത്തിനു ഒരു ബ്രേക്കുംകൂടാതെ ധാരാളം മുസ്ലീങ്ങൾ ജീവിക്കുന്നതായും എനിക്കും എന്റെ മാന്യസ്നേഹിതനും നല്ലവണ്ണം അറിയാം. ചേത്തലയിലും ആലപ്പുഴയിലും അതുക്കുമുമ്പിൽ ആലപ്പുഴവരെയുള്ള സ്ഥലങ്ങളിലും പരസ്യമായും രഹസ്യമായും അമുസ്ലീങ്ങളുമായി ദാമ്പത്യജീവിതം നയിച്ചുകൊണ്ടിരിക്കുന്ന മുസ്ലീം സഹോദരങ്ങളെ എന്റെ സ്നേഹിതനു എന്നെക്കാൾ നല്ലപോലെ അറിയാം. ഇങ്ങനെയെല്ലാം ഇരുന്നിട്ടും അദ്ദേഹം മനഃപൂർവ്വം എതിർത്തുനിൽക്കുന്നതിൽ ഞാൻ ഖേദിക്കുകതന്നെചെയ്യുന്നു. ഇനി എനിക്കു വളരെപ്രധാനമായി പറയുവാനുള്ളതു് എന്റെ സ്നേഹിതൻ ഇത്രയധികം വെപ്രാളമൊന്നും കാണിക്കേണ്ട ആവശ്യം ഇല്ലെന്നാണു. ആവശ്യമെന്നു തോന്നിയാൽമാത്രം അന്യമതത്തിൽനിന്നും വിവാഹംചെയ്താൽമതി. ആർക്കും യാതൊരവസരത്തിലും ഇതൊരു നിർബന്ധനിയമമായി ഭവിക്കുന്നതല്ല. മതവും നിയമവും തമ്മിൽ വിഭിന്നപ്പെട്ടുന്നില്ല. ഒരു മുസ്ലീമിനു ഒരീഴവസ്ത്രീയെ വിവാഹം ചെയ്യണമെന്നുതോന്നിയാൽ തടസ്സം ചെയ്യരുതെന്നുമാത്രമേ ഇതിനർത്ഥമുള്ളൂ. ഇതിൽ കവിഞ്ഞു ഒരു നിർബന്ധവും ഈ നിയമത്തിലില്ല. വേണമെങ്കിൽ അന്യമതത്തിൽ നിന്നും വിവാഹംചെയ്യാമെന്നുള്ള ഒരു സജഷൻ മാത്രമേ ഈ ബില്ലിൽ അടങ്ങിയിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

പിന്നെ എന്തിനാണ് സ്നേഹിതൻ മി. മഹമ്മദ് ഇഴ എതിർവാദങ്ങളെല്ലാം പുറപ്പെടുവിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. മി: ഇയ സുബ്രഹ്മണ്യയ്യർ പറഞ്ഞതുപോലെ ഇതു ഒരു നിർബന്ധനിയമമാക്കിയെങ്കിലേ അനുസരിക്കയുള്ളു എന്ന മട്ടാണ് കാണുന്നതു്. എന്റെ ബഹുമാന്യസ്നേഹിതന്റെ ചിന്താഗതിക്ക് ഈ ബിൽ ഒരു പ്രതിബന്ധമായി നിൽക്കാനുള്ള യാതൊരു ന്യായവും ഞാൻ കാണുന്നില്ല. ഇനി അദ്ദേഹത്തോടു് എനിക്കു ചെയ്യാനുള്ള അപേക്ഷ ഒരു ചരിത്രം സൃഷ്ടിക്കാൻ പോകുന്ന ഈയവസരത്തിൽ ഒരു പ്രതിബന്ധം ഉണ്ടാക്കി പുരോഗതി തടയാൻ ശ്രമിക്കരുതെന്നു മാത്രമാണ്. ഈയവസരത്തിലെങ്കിലും പരിസ്ഥാൻവാദവും സമുദായപ്രാതിനിധ്യവാദവും തുലച്ചു ഇൻഡ്യൻ നാഗരികതയെ ഉണർത്തി സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും സമ്പാദിക്കാൻ ശ്രമിച്ചില്ലെങ്കിൽ അതിനുള്ള അവസരം ഇനി ഉണ്ടാകുന്നതു എപ്പോളാണ്. (President's Bell).

MR. H. O. L. MARIKKAR Sir, last time when this Bill came up for discussion I did not speak because I differed very much in my view about marriage and other affairs discussed here. But as the bill has come a second time I made up my mind to stand up and express my views.

Regarding the amendment brought forward by Mr. P. S. Mahomed, as the Muslim community as a whole is against this Bill and as I belong to the same minority community I was trying my best to support the amendment. I asked Mr P. S. Mahomed to give me an opportunity by inviting a few Muslims to Quilon or Alleppey to discuss matters and convince me so that I may speak in support of the amendment. But I did not get that opportunity. The Mahomedan community is now sought to be excluded from the Penal Provisions of the Bill. So far as this Bill is concerned what I say is that such pieces of social legislation should not be brought piecemeal to suit different clauses. There must be a Bill regarding marriage or some such things that would effect all the communities alike. Of course there may be minority communities which may be affected. But there should be the give and take policy. In its place I am sorry to find that the Bill has been brought as a Special Marriage Bill. Owing to the dowry system there are hundreds and thousands of girls kept unmarried in the Christian, Nair and Mohamedan communities. A Bill like this may give them some relief. We are in the midst of a Great War and we do not know how long it will continue. We are recruiting people and the country is depleted of young men. So we must see to the production of man power.

LIBRARY ARCHIVES Kerala Legislative Assembly

**PRESIDENT:** That is not a serious problem so far as India is concerned.

**MR. H. O. L. MARIKKAR:** But we are sending out some recruits. England and America are producing aeroplanes and tanks in large numbers and they want men to handle these things. So we will have to supply recruits.

**PRESIDENT:** In England there is an approach before the Parliament to the effect the marriage should not affect any civil conditions that it should be open to the State to recognise people as soon as they are born irrespective of the fact whether there was a marriage or not and that it should be open to the father or the mother to claim the child and certain rules are being drafted for that purpose. A Bill also is being prepared in England by which women need not be known by the name of their husbands but by their own, that marriage should not alter their names and that each child that is born should get a portion of the property of the mother and a portion of the property of the father in certain circumstances. Such things are taking place. But we have not gone to that stage here.

**MR. H. O. L. MARIKKAR:** We have in Travancore religious feeling. We are communal. These communal feelings amongst us must end. We should have some higher views of life. This sort of life in Travancore must end. We must have some higher asperations. That asperation we expect to come from you Sir. In Travancore, we are passing our days without aspiring for any high goal. In any of the speeches that have been delivered from the Chair this session or previous to this we have not heard what will be our political regeneration after the war.

**PRESIDENT:** We are now concerned with the exemption of Mohamedans from the operation of the Travancore Special Marriage and Succession Bill.

**MR. H. O. L. MARIKKAR:** So long as there is no goal to aspire for, by this Special Marriage Bill, the communal feeling will continue and, Christians, Mohamedans and Nairs cannot join together and work amicably. After the war is over we do not know whether we will have internal and external independence, as any other country. Till that is known we will regard social marriage bill secondary.

**PRESIDENT:** So the honourable members point is that until our international status is recognised, this Bill need not be passed. Is that the point?

**MR. H. O. L. MARIKKAR:** The Bill must be passed. In order to reduce communal tension such piece meal reforms must come.

**MR. M. SIVATHANU PILLAI:** May I know whether the member can tell us what the view of the community is with regard to the exemption clause?

**PRESIDENT:** It is against Mr. P. S. Mahomed's amendment.

**MR. M. SIVATHANU PILLAI:** I wish to know whether the member can tell us what the view of the community is?



LIBRARY ARCHIVES Kerala Legislative Assembly

**PRESIDENT:** He said that an opportunity has not been given to ascertain it.

**MR. H. O. L. MARIKKAR:** I am not speaking for the Muslim community. I am only expressing my own views. I think every man must have the liberty of marrying whoever he likes and every woman the liberty of selecting whoever she likes.

**MR. P. S. MOHAMED:** സമുദായത്തിന്റെ അഭിപ്രായമെന്താണെന്ന മെമ്പർ അറിഞ്ഞിട്ടുണ്ടോ?

**MR. H. O. L. MARIKKAR:** If the community's opinion is different from mine I cannot help it.

**PRESIDENT:** The honourable member is perfectly entitled to give his own opinion.

**MR. H. O. L. MARIKKAR:** Every man and woman have the right to live together or make companionship as they like. To say that after their marriage if there are children they should inherit the man's property, will not solve the problem because even if we, fathers, uncles and brothers all jointly go in search of a husband for the girl we do not succeed in getting one who is physically and economically fit. Now the girl is left under the protection of the father and mother. Such a state of affairs must end. The State must take charge of the girl and the children. I am against the inheritance system.

**PRESIDENT:** If private ownership is abolished, then there will be no inheritance.

**MR. H. O. L. MARIKKAR:** First of all, the father has to provide for the child, feed him to a certain stage and bring him upon to a certain position and anything that is left after the father's death will be taken over by the child according to the bill. My opinion is that the children should not be allowed to succeed to the father's properties.

**PRESIDENT:** Then the State will distribute it.

**MR. H. O. L. MARIKKAR:** That will solve the problem.

**MR. D. C. JOSEPH:** Forward Travancore and a little piece of permissive legislation. Considerable progress has been made from the social point of view. The evils of orthodoxy was torn to pieces by a stroke, of the pen of His Highness the Maharaja. That has been the object lesson in Travancore.

Now there is a legislation for effecting all legalised contracts. The Muslims fear that their religion will be affected by this legislation. But what about the Gosha system? What about the Muslim ladies who come in for public service? A man can marry seven or nine ladies from his own community. But still the religion will not be affected. But he cannot marry a female from any other community. Then the religion will be affected. I do not think there is any justification for such a thing. If this noble piece of legislation is not introduced in Travancore which is coming forward in every respect I think there will be an abnormal growth of population. So this is a panacea for putting down that abnormal growth of population.

A man can have a number of females. If there is no provision in the piece of legislation for restriction and if it is left as it is there will be an increased number of off-springs. It is a pitiable position and

LIBRARY ARCHIVES Kerala Legislative Assembly

[Mr. D. C. Joseph]

something must be done. I think it is a noble attempt to do that. If no step is taken there will be danger not only in Travancore but it will spread to other parts of India. Therefore, I say that Travancore should take the lead to prevent it and give the other countries a good lesson. So I very strongly oppose this amendment.

MR. T. T. KESAVAN SASTRI : സർ, ഇത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാകയാൽ ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. ഹിന്ദുക്കൾക്കു പൊതുവേ ഹിന്ദുലായും, ക്രിസ്ത്യാനികൾക്കു പൊതുവേ ക്രിസ്ത്യൻ ലായും, മഹമ്മദിയർക്കു പൊതുവേ മുഹമ്മദൻ ലായും നിലവിലിരിക്കുന്നുണ്ടെങ്കിൽ തന്നെയും ഓരോ മതവിഭാഗത്തിലും പെട്ട പ്രത്യേക വർഗ്ഗങ്ങളുടെ സാമുദായികവും സാമൂഹ്യവുമായ നന്മയെ പുരസ്കരിച്ച് അനവധി നിയമങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഹിന്ദുക്കൾക്കു മൊത്തമായി ഹിന്ദുലാ എന്ന പേരിൽ ഒരു നിയമം ഇവിടെ ഉണ്ടായിട്ടും ഹിന്ദുക്കളുടെ പല വർഗ്ഗക്കാരും അവരുടെ വർഗ്ഗത്തിന്റെ സാമുദായികനന്മയെ പുരസ്കരിച്ച് പ്രത്യേകം പ്രത്യേകം നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. മേജർ സമുദായങ്ങളിലെ നിയമങ്ങൾക്കു വിധേയരായ ചില മൈനർ സമുദായങ്ങൾ അവരുടെ സാമുദായിക സംഘടനകളെ നയിച്ചുകൊണ്ടു പോകുന്നതായും നമുക്കറിയാം. നേരേമറിച്ച് ഈ നിയമങ്ങളിലൊന്നും പരിരക്ഷിക്കപ്പെടാത്ത മൈനർ സമുദായങ്ങൾക്ക് വിവാഹബന്ധം മുതലായ കാര്യങ്ങളിൽ സാമുദായികമോ സാമൂഹ്യമൊ ആയ ഒരു വ്യവസ്ഥയും ഇല്ലാതെ വളരെ വളരെ സങ്കടപ്പെടുന്നതായി അനുഭവമുണ്ട്. നായർ തറവാട്ടിൽ നായർ സ്ത്രീകളിൽ ജനിക്കുന്ന സന്താനങ്ങൾക്കു മാത്രമേ സ്വത്തവകാശവും പിൻതുടർച്ചാവകാശവും ഉള്ളു എന്നും, അതുപോലെ ഈഴവ തറവാട്ടിലും വെള്ളാള തറവാട്ടിലും മറ്റു അംഗീകൃതങ്ങളായ എല്ലാ സാമുദായിക തറവാട്ടുകളിലും അതാതു സമുദായങ്ങളിൽപ്പെട്ട സ്ത്രീകളിൽ ജനിക്കുന്ന സന്താനങ്ങൾക്കുമാത്രമേ സ്വത്തവകാശവും പിൻതുടർച്ചാവകാശവും ഉള്ളു എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു വ്യവസ്ഥയിലും ഉൾപ്പെടാതേയും ഒരു നിയമവും ഇല്ലാതെയും കഴിഞ്ഞുകൂടുന്ന അനവധി ന്യൂനപക്ഷസമുദായങ്ങൾ സ്വത്തവകാശം സംബന്ധിച്ചും പിൻതുടച്ചാവകാശം സംബന്ധിച്ചും ഇന്ന് അനുഭവിച്ചുപോരുന്ന വൈഷമ്യങ്ങൾ എത്രമാത്രമാണെന്ന് പഞ്ചായത്തുകോടതികളിലും അതുപോലുള്ള മറ്റു നിയമസ്ഥാപനങ്ങളിലും ഒരു അന്വേഷണം നടത്തിയാൽ മനസിലാക്കാൻ കഴിയുന്നതാണ്. ഈ നിയമം നടപ്പിലായാൽ ഈ രാജ്യത്തെ സകല സമുദായങ്ങളേയും വർഗ്ഗീയസംഘടനകളേയും ബാധിക്കാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

വ്യവസ്ഥകളാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ ഒരു ബിൽ അവതരിപ്പിച്ച് പാസാക്കിയ ഗവണ്മെൻറിനോടും നിയമസഭാംഗങ്ങളോടും അപേക്ഷിക്കുവാൻ തയ്യാറായ സാമാജികന്മാർ യഥാർത്ഥത്തിൽ അഭിനന്ദനം അർഹിക്കുന്നു. മഹാരാജാവു തിരുമനസിലെ ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം ഈ ദായക്രമാവകാശത്തിന്റെയും പിൻതുടർച്ചാവകാശവ്യവസ്ഥകളുടെയും പേരിൽ വലിയ വലിയ മാറ്റങ്ങൾ വരുത്തുവാൻ അതിതീവ്രമായി ആഗ്രഹിക്കുന്ന ഒരു മനോഭാവം ഹൈന്ദവസമുദായ സമൂഹത്തിൽനിന്നുതന്നെ കാണുവാൻ ഇടയായിട്ടുണ്ട്. നായർ ആക്ടും, ഈഴവആക്ടും, പെള്ളാളആക്ടും. അതുപോലെയുള്ള മറ്റാക്ടുകളും എല്ലാം മാറ്റി ഹൈന്ദവർ എല്ലാവരും ഒന്നാക്കി ഏകീകൃതമായ പരിഗണനയിൽ എടുക്കുന്ന നിയമത്തിൽ ഉൾപ്പെടുവാൻ തയ്യാറാകുന്നയാളുകളും അനവധിയുണ്ട്. ഈ ഹിന്ദുമതത്തെ മാത്രം സ്പർശിക്കുന്ന ഒരു കാര്യമല്ല. ക്രൈസ്തവരേയും മുഹമ്മദീയരേയും സംബന്ധിച്ചാണെങ്കിൽ രാഷ്ട്രത്തിനെ പൊതുവായി ബാധിക്കുന്ന കാര്യങ്ങളിൽ സാമുദായികമായോ സാമൂഹ്യമായോ പ്രതിബന്ധമുണ്ടാക്കുന്ന ഒരു നില അംഗീകരിക്കാതെ ജനപക്ഷത്തെ പൊതുവേ ബാധിക്കുന്ന നിയമത്തെ സർവജനങ്ങളും സ്വാഗതം ചെയ്യേണ്ടതാണ് എന്ന അഭിപ്രായമുള്ളവരാണ് അവരിൽ ഭൂരിപക്ഷംപേരും എന്ന എന്റെ അനുഭവംവച്ചുകൊണ്ട് എനിക്കു ധൈര്യമായി പറയുവാൻ കഴിയും. സ്പഷ്യൽ മാരിയേജ് ആക്ട് പാസാകുന്നതായാൽ ഇത്തരം സാമുദായിക നിയമങ്ങളെ അതിലംഘിച്ചുകൊണ്ട് വിവാഹബന്ധത്തിലേർപ്പെട്ടിട്ടുള്ള വിവിധ സാമുദായിക അംഗങ്ങൾക്കും അവരുടെ സാമൂഹ്യമായ മറ്റു പ്രതിബന്ധങ്ങളിൽനിന്നും മോചനം ലഭിക്കുന്നതിനും സമാധാനപരമായ ഒരു ജീവിതം കൈക്കൊള്ളുന്നതിനും സഹായകരമാകുന്നതാണ് കവികുലം സാഹിത്യകാരന്മാർ ചിത്രകാരന്മാർ മറ്റു മഹാശയന്മാർ പലരും ഈ പരിഷ്കൃതമായ ആശയത്തെ സ്വാഗതം ചെയ്തിട്ടുള്ളവരായിട്ടുള്ളവരാണ്. ഒരു മഹാകവി പറയുന്നതു് "ഈഴവന്റെ

ആഗ്രഹം"

പണ്ഡിതനായ ഒരു കവി, ഒരു ഹൈന്ദവ കവി, പറയുന്ന അഭിപ്രായമാണ് ഇതു. ഇതരമതക്കാരും വർഗ്ഗക്കാരും ഇതിനെ ഏറ്റവും അനുകൂലിക്കുന്നവരാണ്. ഈ സഭയും ഗവണ്മെൻറു ഈ ബില്ലിനെ അംഗീകരിച്ച സഹോദരരാജ്യമായ കൊച്ചിയിൽ നടപ്പിലാക്കിയതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

പോലെ സകല സമുദായക്കാരേയും ഒരുമിച്ചുചേത്തു ജീവിപ്പിക്കുവാൻ സൗകര്യം നൽകണമെന്നുംകൂടി അപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. K. G. GOVINDAN : Sir; I oppose the amendment.

MR. P. S. MUHAMED : സർ, എന്റെ ഭേദഗതി അവതരിപ്പിച്ചപ്പോൾതന്നെ ഇതിനെപ്പറ്റി പല വാദമുഖങ്ങളും ഉണ്ടാകുമെന്നു എനിക്കറിയാമായിരുന്നു. എന്റെ ബഹുമാന്യസ്നേഹിതന്മാരായ മെസേഴ്സ് മരക്കാർ, മക്കാർപിള്ള, എന്നിവർ ഈ ഭേദഗതിയെ എതിർത്തു എന്നു കണ്ടതിൽ എനിക്കു അളവറ്റ സന്തോഷമുണ്ട്. മി. മരക്കാരുടെ അടുക്കൽ ഇതിനെപ്പറ്റി സംസാരിച്ചു് ഏതാനും പ്രമാണികളുമായി ഒരു കൂടിആലോചന നടത്തുവാൻ സൗകര്യം ഉണ്ടാക്കണമെന്നു ഞാൻ സൂചിപ്പിച്ചതല്ലാതെ ആഴ്ചപതിയിൽ കിടന്ന അവസരത്തിൽ എന്റെ പേർക്കു അദ്ദേഹം എഴുതിയിരുന്നു. അതിനുശേഷം പിന്നൊരിക്കൽ മി. മരക്കാരുമായി ഞാൻ ഇതിനെപ്പറ്റി സംസാരിച്ചപ്പോൾ സമുദായത്തിന്റെ പൊതുവെയുള്ള അഭിപ്രായം ബില്ലിനു എതിരാണെന്നു അദ്ദേഹത്തിനു അറിയാമെങ്കിലും തന്റെ വ്യക്തിപരമായ അഭിപ്രായം മറിച്ചാണെന്നു് എന്നോടു പറയുകയുണ്ടായി. ഇപ്പോഴും അതേനിലതന്നെ അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. മി. മരക്കാരുടെ അഭിപ്രായം അദ്ദേഹത്തിന്റെ സ്വന്തവും സ്വതന്ത്രവും ആയതാണു്. എന്നാൽ സമുദായം പൊതുവെ നിലകൊള്ളുന്നതു എന്റെ ഭേദഗതിയെ അനുകൂലിച്ചാണു. സമുദായത്തിന്റെ അഭിപ്രായം എത്ര വിപുലവും ശക്തിമത്തുമാണെന്നുള്ളതു് ഗവണ്മെന്റിനെയും സാമാജികന്മാരെയും ബോദ്ധ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. അതുകൊണ്ടു് എനിക്കു് അതിൽനിന്നും മാറുകയെന്നുള്ളതു് സാദ്ധ്യമല്ല. മി. മക്കാർപിള്ളയുടെ വാദഗതി ക്രൂരക്രൂടിരസാവഹമാണു്. അദ്ദേഹത്തിന്റെ ആദ്യത്തെ സന്താനങ്ങൾ സഹോദരികളായിരുന്നു കല്യാണം കഴിച്ചിട്ടുള്ളതെന്നും അതുകൊണ്ടു് കൊറാൻ ഇന്നും സഹോദരികളെതന്നെ കല്യാണം കഴിക്കുവാൻ അനുമതി നൽകുന്നുണ്ടെന്നും ആണു് അദ്ദേഹത്തിന്റെ വാദഗതി വ്യാഖ്യാനിക്കുന്ന പക്ഷം മനസ്സിലാക്കാൻ കഴിയുന്നതു്. കൊറാനെ ചില സമുദായങ്ങളുമായി വിവാഹം ചെയ്യുന്നതിനെ വിരോധിച്ചിട്ടുണ്ടു്. ഇന്നത്തെ നിലയ്ക്കു അത്തരം നിരോധിക്കപ്പെട്ടിട്ടുള്ള സമുദായക്കാരുമായി വിവാഹബന്ധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed].

ത്തിലേർപ്പെടുവാൻ, അല്ലെങ്കിൽ കൊറാൻ നിരോധിച്ചിട്ടുള്ളതിനെ സ്വീകരിക്കുവാൻ, ഇന്ന് സമുദായത്തിന് അവകാശം ഇല്ലാ എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ടു ഞാൻഈ ഭേദഗതിയെപ്രസ്സ് ചെയ്യുന്നു.

**PRESIDENT** : Order, order. The question before the House is that the amendment of Mr. P. S. Muhamed, that in Clause 2, after 2 insert (a) within brackets, and after the clause, insert the following as sub clause;—(b)

"(b) Notwithstanding anything contained in the Act, the provisions of this Act will not apply to the Muslims"

The amendment was put to vote and lost.

The question whether Clause 2 stands as part of the Bill was put and carried.

Clause 2 stands as part of the Bill.

The question whether Clauses 3 to 47 stand as parts of the Bill was put and carried.

Clauses 3 to 47 stand as parts of the Bill.

**MR. P. S. MUHAMED** : The following clause be added as Clause 48 after Clause 47 ;

"When one of the party contracting marriage under this Act is a Mohammedan male or female the provisions relating to inheritance and succession under this Act will not affect the law of inheritance and succession under Mohammedan Law under which he or she is governed"

**MR. M. R. NARAYANA PILLAI** : From a reading of the amendment now proposed, a new clause in my reading, I find the fact of marriage was taken to be inheritance or succession in the Muhammedan Law.

**PRESIDENT** : The idea is this. Notwithstanding the fact that the procedure laid down in the Special Marriage Act is taken and followed the right of inheritance of issue will not be affected and it will only follow the rules of the Mohammedan Law.

**MR. P. S. MUHAMED** : ഒ-ാമത്തെ ഭേദഗതി അവതരിപ്പിക്കുന്നു. സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം കൊച്ചിയിൽ പാസാക്കിയ സിവിൽമാരിയേജ് ആക്ററിൽ മുസ്ലീം സമുദായങ്ങൾക്കു നൽകിയിട്ടുള്ള ആനുകൂല്യവും സൗജന്യവും എങ്കിലും തിരുവിതാംകൂറിലുള്ള മുസ്ലിമിങ്ങൾക്കും ലഭ്യമാകണമെന്നുള്ളതാണ് അതിനുള്ള സന്മനസ്സ് എങ്കിലും എന്റെ ബഹുമാന്യസ്നേഹിതന്മാർക്കു ഉണ്ടാകണമെന്ന് എനിക്ക് അപേക്ഷയുണ്ട്. എന്റെ ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം വിവാഹബന്ധത്തിൽ ഏർപ്പെട്ടവർ ആരെങ്കിലും ഒരാൾ ഒരു മുസ്ലീമായിരിക്കുന്നപക്ഷം അയാളുടെ അല്ലെങ്കിൽ അവളുടെ സാമുദായികനിയമപ്രകാരമുള്ള സ്വത്തവകാശത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed]

നൊ പിൻതുടർച്ചാവകാശക്രമത്തിനൊ ഈ നിയമം ബാധകമാകുകയില്ല. അതായതു ഇന്നു അവർക്കുള്ള സ്വത്തവകാശവും പിൻതുടർച്ചാവകാശവും ഈ നിയമം നടപ്പിൽ വന്നാലും നഷ്ടപ്പെടുന്നതല്ല.

**MR. K. G. KUNJUKRISHNA PILLAI**: This new amendment is not in order since it affects a negative concession.

**PRESIDENT**: Mr. P. S. Muhamed, I think you will realise as much as any one else that rightly or wrongly it is quite so. Part 3 of the Bill gives certain provisions for intestate succession. Your amendment gives negative of the intestate succession. I rule it out of order.

**MR. PULIYOOR T. P. VELAYUDHAN PILLAI**: The amendments made by the other House may be taken up for consideration and passed.

**PRESIDENT**: You may move them one by one.

(1) In clause 1, in short title of the Bill, the figures '1118' shall be substituted for the figures '1117'.

(2) Clause 32 shall be re-numbered as sub-clause (1) of that clause and before the explanation, the following shall be inserted as sub-clause (2), namely:—

"(2) Notwithstanding anything Contained in Section 28 no person who marries under this Act shall be entitled to perform the functions of a Karanavan or Manager of the Joint family or to reside in the family house",

As a consequential amendment instead of "1118" the figure "1119' may be substituted.

**MR. PULIYOOR T. P. VELAYUDHAN PILLAI**: I move that the bill be passed.

The motion was seconded and was put and carried.

## RESOLUTIONS ON MATTERS OF PUBLIC INTEREST.

### RESOLUTIONS RE: BEGGAR PROBLEM.

**MR. G. VELU PILLAI**: Sir, I move the following resolution:

"This Assembly recommends to Government that immediate steps be taken to solve the beggar problem in the State".

I do not think a long speech is necessary from me to support this very important resolution. The beggar problem is one of the foremost and most difficult problems of the day, not only in this State but in all countries of the world. In some countries laws have been passed making begging criminal. Other countries claim to have solved the beggar problem completely. But I may say that it still survives in some form or other in every country. In Travancore, beggars are on the increase, especially in towns so much so the question of solving the beggar problem becomes more and more difficult.

Beggars include old people who are unable to work, the disabled and their children, able bodied people who are prepared to work but cannot get work and able bodied people who have adopted begging as a profession. It is easy to eliminate the last two classes of people which come to about fifty per cent. of the total population of beggars. Laws may be passed compelling those people to work and providing sufficient work

LIBRARY ARCHIVES Kerala Legislative Assembly